സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – **695 003.**

ഫോൺ-**0471-2314288**

ശബരിമല ദേവസ്വത്തിലെ **1194**-ാമാണ്ടത്തെ **(2018 - 2019)** മണ്ഡലം – മകര വിളക്ക്, മേടവിഷു, മറ്റ് അടിയന്തിരങ്ങൾ എന്നിവയോടനുബന്ധിച്ച് ശബരിമല പമ്പ നിലയ്ക്കൽ എന്നിവടങ്ങളിൽ ബോക്സ് ടൈപ്പ് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് താൽപ്പര്യമുള്ള കോൺട്രാക്ടർ/ഏജൻസികളിൽ നിന്നും മുദ്ര വച്ച ടെൻഡറുകൾ ക്ഷണിക്കുന്നു.

## പൊതു നിബന്ധനകൾ

**1.** മുദ്രവെച്ച ടെന്ററുകൾ **08.11.2018** പകൽ **12.00** ന് മുൻപായി തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിതസമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെന്ററുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ അടക്കം ചെയ്യുന്ന കവറിന്റെ പുറത്ത് ടെന്റർ സമർപ്പിക്കുന്ന ഇനത്തിന്റെ പേര് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

**2.**ടെന്ററിനോടൊപ്പം 25,000/- രൂപ നിരതദ്രവ്യം ക്യാഷായോ, ശബരില എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാൻഡ് ഡ്രാഫ്റ്റായോ (ക്രോസ് ചെയ്ത്) അടക്കം ചെയ്തിരിക്കണം.

3. ടെന്ററുകൾ **08.11.2018** തീയതി പകൽ **12.30** മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് തുറന്ന് പരിശോധിക്കുന്നതാണ്.

4. നിശ്ചിത നിരതദ്രവ്യം ഹാജരാക്കത്തവരുടെ ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. ടെന്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെയുള്ളതായിരിക്കണം.

6. ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.

8 ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി, ടെൻഡർ നിരക്കിന്റെ 5 ശതമാനം ബാങ്ക് ഗ്യാരന്റി ഹാജരാക്കി ഉടമ്പടി വയ്ക്കേണ്ടതാണ്. ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം വരെ ആയിരിക്കണം. അറിയിപ്പുകിട്ടി 5 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ചവരുത്തിയ കുത്തകക്കാരൻ പരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.

10. ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

12. കുത്തകക്കാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

13. കുത്തക എടുക്കുന്ന ആൾക്ക് പ്രസ്തുത കാര്യത്തിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്.

14. കുത്തക / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട ജില്ലാ കോടതികളുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

15. കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുകയും, ഇ.എം.ഡി തുകയും കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂ

ടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് എന്തെങ്കിലും തരത്തിലുള്ള നികുതിയോ, തൊഴിൽ ആനുകൂല്യങ്ങളോ അടയ്ക്കേണ്ടി വന്നാൽ ആയതിന് കുത്തകക്കാരൻ തന്നെ ഉത്തരവാദി ആയിരിക്കുന്നതാകുന്നു.

17. 1194-ലെ കാലയളവിൽ ശബരിമല പമ്പ നിലയ്ക്കൽ പ്രദേശത്ത് ദേവസ്വം ബോർഡ്/സർക്കാർ തലങ്ങളിലെ യോഗങ്ങൾ,പൊതുപരിപാടികൾ ചേരുന്ന പക്ഷം ആയതിന് ആവശ്യമായ ശബ്ദം,വെളിച്ചം ക്രമീകരണങ്ങൾ കുത്തകക്കാരന്റെ ചുമതലയിൽ തന്നെ ഏർപ്പെടുത്തേണ്ടതാണ്. ആയതിന് പ്രത്യേകം തുക ചിലവെഴുതി നൽകുന്നതല്ല.

18. ശബരിമല പമ്പ നിലയ്ക്കൽ ദേവസ്വങ്ങളിലേക്ക് ആവശ്യമായ ഉച്ചഭാഷിണിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.മേൽപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ആകെ തുക ആണ് ക്വാട്ട് ചെയ്യേണ്ടത്.

| ശബരിമല | | |
|---|---|---|
| നമ്പർ | പോയിന്റ് | ഉച്ചഭാഷിണിയുടെ എണ്ണം |
| 1. | അപ്പർ തിരുമുറ്റം | 8 ബോക്സ് (150 വാട്ട്സ്) |
| 2. | പ്രസാദം ടിക്കറ്റ് കൗണ്ടർ,18 പടി,ഭസ്മക്കുളം,ഫ്ളൈ ഓവർ,മാളികപ്പുറം | 16 എണ്ണം(150 വാട്ട്സ്) |
| 3. | ബെയ്‌ലി പാലം,പോലിസ് ബാരക്ക് | 8 എണ്ണം(150 വാട്ട്സ്) |
| 4. | പാണ്ടിതാവളം | 12 എണ്ണം (150 വാട്ട്സ്) |
| 5. | ചന്ദ്രാനന്ദൻ റോഡ്,മരക്കൂട്ടം,സ്വാമി അയ്യപ്പൻ റോഡ് | 24 ബോക്സ് (150 വാട്ട്സ്) |
| 6. | വലിയനടപ്പന്ടൽ മുതൽ മരക്കൂട്ടം വരെ | 16 എണ്ണം (150 വാട്ട്സ്) |
| 7. | വലിയനടപ്പന്തൽ ഭാഗത്ത് അകെ | 12 എണ്ണം(200 വാട്ട്സ്) |
| 8. | വലിയനടപ്പന്തൽ സ്റ്റേജ് 5000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം(8 മൈക്ക്, 4കോഡ്‌ലസ്സ് മൈക്ക്,5000 വാട്ട്സ് സ്പീക്കർ,5000 വാട്ട്സ് ആംപ്ലീഫയർ,മിക്സർ 16 ചാനൽ-1000 വാട്ട്സ് | |
| പമ്പ | | |
| 1. | ഗണപതി ക്ഷേത്രപരിസരം | 8 എണ്ണം(150 വാട്ട്സ്) |
| 2. | ഗണപതി ക്ഷേത്രം താഴെ പടി മുതൽ പന്തളം രാജാകെട്ടിടം വരെ | 8 എണ്ണം (150 വാട്ട്സ്) |

| | | |
|---|---|---|
| 3. | ഗണപതി ക്ഷേത്രം മുതൽ ത്രിവേണി പാലം വരെ | 16 എണ്ണം (150 വാട്ട്സ്) |
| 4. | ത്രിവേണി പാലം മുതൽ കെ.എസ്.ആർ.ടി സ്റ്റാന്റ് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 5. | മരാമത്ത് കെട്ടിടം മുതൽ ഹിൽടോപ്പ് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 6. | പന്തളംരാജാ കെട്ടിടം മുതൽ നീലിമല/അപ്പാച്ചിമേട് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 7. | പന്തളംരാജാ കെട്ടിടം മുതൽ സ്വാമി അയ്യപ്പൻ റോഡ് വരെ | 22 എണ്ണം (150 വാട്ട്സ്) |
| 8. | ഗണപതി ക്ഷേത്രം ആഡിറ്റോറിയം 5000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം(6 മൈക്ക്, 2- കോഡ്ലസ്സ് മൈക്ക്,5000 വാട്ട്സ് സ്പീക്കർ,5000 വാട്ട്സ് ആംപ്ലിഫയർ,മിക്സർ 16 ചാനൽ-1000 വാട്ട്സ് | |
| നിലയ്ക്കൽ | | |
| 1. | നിലയ്ക്കൽ ശിവ ക്ഷേത്രം,ദേവി ക്ഷേത്രം,പാർക്കിംഗ് ഭാഗം,സർവ്വീസ് റോഡ് | 80 എണ്ണം (150 വാട്ട്സ്) |
| 3. | ഒലിയനടപ്പന്തൽ സ്റ്റേജ് ആഡിറ്റോറിയം 3000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം(6 മൈക്ക്, 3 000 വാട്ട്സ് | |

ആർ.ഒ.സി 04/18/ശബ
03.11.2018

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്